## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നനമിട്ടചോദ്യം നമ്പർ :*396 28.06.2012 - ൽ മറുപടിക്ക്**

**ഇ-ടെൻഡർ**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. പി. സി. ജോർജ്<br>ഡോ. എൻ. ജയരാജ്<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ<br>,, റോഷി അഗസ്റ്റിൻ | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിൽ ഇ-ടെൻഡർ പൂർണ്ണമായി നടപ്പാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടം വരെയായി;; | (എ) കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ ധനസഹായത്തോടെയുള്ള നാഷണൽ ഇ-ഗവേർണൻസ് പ്രോഗ്രാമിന്റെ (NeGP) ഭാഗമായി 2011 ഡിസംബർ മുതൽ പൊതുമരാമത്ത് വകുപ്പിൽ ഇ - ടെണ്ടറിംഗ് ആരംഭിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് ജി.ഒ.(പി) നം.72/2011/പൊമവ തീയതി 3.12.2011 പ്രകാരം ഡിസംബർ 7 മുതൽ പരീക്ഷണാടിസ്ഥാനത്തിൽ റോഡ്സ് & ബ്രിഡ്ജസ് സൗത്ത് സർക്കിൾ ഓഫിസിൽ പ്രീ-ക്വാളിഫിക്കേഷൻ പ്രവൃത്തികൾക്ക് ഇ-ടെണ്ടറിംഗ് സമ്പ്രദായം ആരംഭിച്ചു. തുടർന്ന് 4.2.2012 മുതൽ പൊതുമരാമത്ത് വകുപ്പിലെ എല്ലാ സർക്കിൾ ഓഫീസുകളിലേയും. 2 കോടി രൂപയ്ക്കും അതിനു മുകളിൽ വരുന്ന പ്രീ-ക്വാളിഫിക്കേഷൻ പ്രവൃത്തികൾക്ക് ഇ-ടെണ്ടറിംഗ് ബാധകമാക്കി, എന്നാൽ 1.2.2012 ലെ ജി.ഒ.(പി) നം.13/2012/പൊമവ പ്രകാരം പൊതുമരാമത്ത് വകുപ്പ് മാന്വൽ പരിഷ്ക്കരിച്ചപ്പോൾ പ്രീ- ക്വാളിഫിക്കേഷൻ പ്രവൃത്തികളുടെ അടങ്കൽ തുകയുടെ പരിധി 5 കോടി രൂപയായി വർദ്ധിപ്പിക്കുകയുണ്ടായി. ഇപ്പോൾ പൊതു- |

മരാമത്ത് വകുപ്പ് സർക്കിൾ ഓഫീസുകളിൽ 5 കോടി രൂപയ്ക്ക് മുകളിൽ അടങ്കൽ തുകയുള്ള പ്രവൃത്തികൾക്കാണ് ഇ-ടെണ്ടറിംഗ് നടത്തുന്നത്. എക്സിക്യൂട്ടീവ് എഞ്ചിനീയർ തലത്തിൽ (15 ലക്ഷത്തിനു മുകളിൽ) വിളിക്കുന്ന എല്ലാ ടെണ്ടറുകൾക്കും ഇ-ടെണ്ടറിംഗ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. 6.12.2011 ലെ ജി.ഒ(പി) നം.73/2011/പൊമവ പ്രകാരം പൊതുമരാമത്ത് ടെണ്ടർ രേഖകൾ പരിഷ്ക്കരിച്ചു. വകുപ്പിലെ ഉദ്യോഗസ്ഥർക്ക് സോഫ്റ്റ്‌വെയർ പരിശീലനം കഴിഞ്ഞ ഏതാനും മാസങ്ങളായി നടത്തിവരുന്നു.

(ബി) പ്രസ്തുത വകുപ്പിൽ നിലവിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയർ ഏതാണ്;

(ബി) എൻ.ഐ.സി യുടെ സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് പൊതു-മരാമത്ത് വകുപ്പിൽ ഇ-ടെണ്ടറിംഗ് നടപ്പിലാക്കിയത്.

(സി) നാഷണൽ ഇ-ഗവേണൻസ് പ്രോഗ്രാമിന്റെ ഭാഗമായി എൻ. ഐ. സി. യുടെ സോഫ്റ്റ്‌വെയർ എന്നുമുതൽ ഉപയോഗിച്ചു തുടങ്ങുമെന്ന് അറിയിക്കുമോ;

(സി) എൻ.ഐ.സി യുടെ സോഫ്റ്റ്-വെയർ ഉപയോഗിച്ചുള്ള ഇ-ടെണ്ടറിംഗ് 2011 ഡിസംബർ ഏഴാം തീയതി മുതൽ പൊതുമരാമത്ത് വകുപ്പിൽ ആരംഭിച്ചിട്ടുണ്ട്.

(ഡി) നിലവിലുള്ള സോഫ്റ്റ് വെയറിനെ അപേക്ഷിച്ച് എൻ. ഐ.സി. യുടെ സോഫ്റ്റ് വെയറിനുള്ള മേൻമ എന്താണ്;

(ഡി) പൊതുമരാമത്ത് വകുപ്പിന്റെ ഇ ഗവേണൻസ് സോഫ്റ്റ്‌വെയർ ആയ വിങ്ങ്സ് (WINGS) ഉപയോഗിച്ച് ടെണ്ടർ രേഖകൾ വെബ്സൈറ്റിൽ പ്രസിദ്ധീ-കരിക്കാൻ കഴിയും. ഈ രേഖകൾ കരാറുകാർക്ക് സൗജന്യമായി ഡൗൺലോഡ് ചെയ്യാം. എന്നാൽ ഈ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് കരാറുകാർക്ക് ഓൺലൈനായി ടെണ്ടർ സമർപ്പിക്കാൻ കഴിയില്ല. എന്നാൽ എൻ.ഐ. സി യുടെ സോഫ്റ്റ്‌വെയറിൽ ഓൺലൈ-നായി ടെണ്ടർ സമർപ്പിക്കുന്ന-തിനുള്ള സൗകര്യം ലഭ്യമാണ്.

| | |
|---|---|
| (ഇ) പൊതുമരാമത്ത് വകുപ്പിൽ ഇ-ടെൻഡർ പൂർണ്ണമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) പൊതുമരാമത്ത് വകുപ്പിൽ ഘട്ടം ഘട്ടമായി സമ്പൂർണ്ണ ഇ-ടെണ്ടറിംഗ് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ